# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.864 30.06.2015-ൽ മറുപടിക്ക്**

**ജലസമ്പാദ്യ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ഡി.സതീശൻ**<br>**,, സി.പി.മുഹമ്മദ്**<br>**,, ടി.എൻ. പ്രതാപൻ**<br>**,, തേറമ്പിൽ രാമകൃഷ്ണൻ :** | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലസമ്പാദ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>ബി) പ്രസ്തുത പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ ; | എ) & ബി) ഉണ്ട്. ജലനിധി രണ്ടാം ഘട്ട പദ്ധതിയിൽ ദേശീയ സമ്പാദ്യ പദ്ധതിയുമായി ചേർന്നാണ് ജലസമ്പാദ്യ പദ്ധതിക്ക് തുടക്കം കുറിച്ചത്. ജലവിനിയോഗത്തിൽ സ്വീകരിക്കേണ്ട മിതത്വം, മഴവെള്ള സംഭരണം, ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ, കിണർ പരിപാലന മാർഗ്ഗങ്ങൾ, ജലഗുണ നിലവാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയിൽ വിവിധ സന്ദേശങ്ങൾ സംസ്ഥാനത്തെ എൺപത് ലക്ഷം ഭവനങ്ങളും സന്ദർശിച്ച് പ്രചരിപ്പിക്കുക എന്നതാണ് ജല സമ്പാദ്യ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |
| സി) ജല സംരക്ഷണത്തിനും ജല ശുദ്ധീകരണത്തിനുമായി പദ്ധതിയിൽ ഉൾ പ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (സി) ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ point recharge, roof water harvesting, ചെറുകിട തടയണകൾ (small check dams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ് ചാൽ നിർമ്മാണം) Sub Surface dyke എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്.

ജലശുദ്ധീകരണത്തിനായി പ്രഷർ ഫിൽട്ടർ, ക്ലോറിനേറ്റർ, അയൺ റിമൂവൽ പ്ലാന്റ്, ടെറാഫിൽ ഫിൽട്ടറേഷൻ യൂണിറ്റുകൾ, എക്കോളജിക്കൽ വാട്ടർ പ്യൂരിഫയർ, സിൽവർ അയണൈസേഷൻ, ആർ.ഒ. പ്ലാന്റ് എന്നീ മാർഗ്ഗങ്ങൾ ജലശുദ്ധീകരണത്തിനായി പദ്ധതിയിൽ ഉൾ-പ്പെടുത്തി വരുന്നു. ജലസംരക്ഷണം, ജലഗുണനിലവാരം, മഴവെള്ള സംഭരണം എന്നീ വിഷയ ങ്ങളിൽ അറിവ് പകരുന്ന ജലശ്രീ കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തു വരുന്നു. ജലസംരക്ഷണം അടിസ്ഥാനമാക്കിയുള്ള ലഘുലേഖകൾ തയ്യാറാക്കി സംസ്ഥാനത്തെ വീടുകളിൽ എത്തിക്കുന്നു.

| | |
|---|---|
| ഡി) പ്രസ്തുത പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത് ആരെല്ലാമെന്ന് വ്യക്തമാക്കാമോ ? | ഡി) സി.സി.ഡി.യു., ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ദേശീയ സമ്പാദ്യ പദ്ധതിയുമായി സഹകരിച്ചാണ് ജലസമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ